# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 09.02.2026**

## പ്രധാനവാർത്തകൾ

1. പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
2. പ്രകൃതി വിഭവങ്ങൾ ആവശ്യത്തിനും ഫലപ്രദമായും വിനിയോഗിക്കണമെന്ന് 'പരീക്ഷ പേ ചർച്ച'യിലൂടെ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. അർബുദം പോലുള്ള രോഗങ്ങൾ പ്രതിരോധിക്കുന്നതിന് പൊതുജനപങ്കാളിത്തം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. സംസ്ഥാനത്ത് എസ്ഐആർ സംബന്ധിച്ച എല്ലാ നടപടികളും പൂർത്തിയാക്കിയ ആദ്യ ജില്ല എന്ന നേട്ടം സ്വന്തമാക്കി ആലപ്പുഴ.
5. പകൽ താപനില ഉയരുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ജാഗ്രത നിർദേശം പുറപ്പെടുവിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
6. ഐസിസി പുരുഷ ടി20 ലോകകപ്പ് ക്രിക്കറ്റിൽ ഇറ്റലിയ്ക്കെതിരെ സ്കോട്ലൻഡിന് 73 റൺ ജയം.

**************************

PNU TVPM

## പാർലമെൻറ്

വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭാ നടപടികൾ ഇന്നും തടസപ്പെട്ടു. രാവിലെ സഭ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. തുടർന്ന് രണ്ട് തവണ നിർത്തിവച്ച സഭ പുനരാരംഭിച്ചപ്പോഴും സമാന സ്ഥിതി തുടർന്നതോടെ സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ 2026-27 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച നടന്നു. സഭ ഇന്നത്തേക്ക് പിരിഞ്ഞു

******************************

## പരീക്ഷ പേ ചർച്ച

വിദ്യാർത്ഥികളുടെ കഴിവുകൾ അർത്ഥപൂർണ്ണമായി വിനിയോഗിക്കാൻ വഴിക്കാട്ടുകയാണ് 'പരീക്ഷ പേ ചർച്ച'യുടെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . പ്രകൃതി വിഭവങ്ങൾ ആവശ്യത്തിനും ഫലപ്രദമായും വിനിയോഗിച്ച് പരിസ്ഥിതിയെ സംരക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. പരീക്ഷാ പേ ചർച്ച 9-◌ാ◌ം പതിപ്പിൻറെ രണ്ടാം ഭാഗത്തിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ കഴിവുകൾ മറ്റുള്ളവരുമായി താരതമ്യം ചെയ്യരുതെന്ന് മാതാപിതാക്കളോട് പ്രധാനമന്ത്രി നിർദ്ദേശിച്ചു. അതേസമയം തന്നേക്കാൾ കഴിവ് മറ്റൊരാളിൽ കണ്ടാൽ അത് സ്വായത്തമാക്കാൻ പരിശ്രമിക്കണമെന്ന് വിദ്യാർത്ഥികളോടും അദ്ദേഹം പറഞ്ഞു.

RNU TVPM

******************************

## പരീക്ഷാ പേ ചർച്ച - പ്രതികരണം (ഇൻട്രോ)

പരീക്ഷാ പേ ചർച്ചയുടെ അനുഭവങ്ങൾ ആകാശവാണി വാർത്തകളുമായി പങ്കുവയ്ക്കുകയാണ് തിരുവനന്തപുരം ആർമി പബ്ലിക് സ്കൂളിലെ വിദ്യാർത്ഥി സ്നേഹ എസ് നായർ

(വോയിസ്)

******************************

## പി.എം.സീഷെൽസ്

സീഷെൽസിന് 175 ദശലക്ഷം ഡോളറിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള സംയുക്ത വാർത്താസമ്മേളനത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. വിവിധ മേഖലകളിലായി ഇന്ത്യയും സീഷെൽസും 7 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചതായും പ്രധാനമന്ത്രി അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാല സൗഹൃദത്തെ തന്റെ സന്ദർശനം പ്രതിഫലിപ്പിക്കുന്നുവെന്ന് സീഷെൽസ് പ്രസിഡന്റ് പറഞ്ഞു.

*******************************

## മുഖ്യമന്ത്രി - ക്യാൻസർ സെന്റർ (ഇൻട്രോ)

അർബുദം പോലുള്ള രോഗങ്ങൾ പ്രതിരോധിക്കുന്നതിന് പൊതുജനപങ്കാളിത്തം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കളമശ്ശേരി മെഡിക്കൽ കോളജ് ക്യാമ്പസിൽ നിർമ്മിച്ച കൊച്ചിൻ കാൻസർ റിസർച്ച് സെൻ്ററിൻ്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തെറ്റായ ജീവിത രീതികൾ ഉപേക്ഷിക്കുന്നതും രോഗപ്രതിരോധം പോലെ പ്രധാനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്)

കാൻസർ രോഗികൾക്ക് ആധുനികവും ഗുണമേന്മയുള്ളതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 450 കോടി രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്.

*******************************

## ശബരിമല-ഹൈക്കോടതി

ശബരിമലയിലെ സ്വർണ പാളികളുടെ സാമ്പിളുകൾ വീണ്ടും പരിശോധിക്കണമെന്ന് ഹൈകോടതി നിർദേശം. നഷ്ടപ്പെട്ട സ്വർണത്തിൻ്റെ അളവ് ശാസ്ത്രീയവും കുറ്റമറ്റതുമാണെന്ന് ഉറപ്പിക്കാനാണ് പ്രത്യേക അന്വേഷണ

RNU TVPM

സംഘത്തിന് കോടതി നിർദേശം നൽകിയിരിക്കുന്നത്. ഈ മാസം 19 ന് കേസ് വീണ്ടും പരിഗണിക്കും.

*******************************

## ശബരിമല-തന്ത്രി വാദം

ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരുടെ ജാമ്യ ഹർജികളിൽ തന്ത്രിയുടെ അഭിഭാഷകൻ്റെ വാദം പൂർത്തിയായി. പ്രോസിക്യൂഷൻ വാദത്തിനായി നാളെ വൈകിട്ട് കേസ് പരിഗണിക്കും.

*******************************

## ബിജെപി-ഡൽഹി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രത്യേക ക്ഷണപ്രകാരം തിരുവനന്തപുരം നഗരസഭയിലെ ബിജെപി കൗൺസിലർമാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ദില്ലിയിലേക്ക് യാത്ര തിരിച്ചു. മേയർ വി.വി. രാജേഷിന്റെ നേതൃത്വത്തിലുള്ള സംഘം തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് യാത്ര തിരിച്ചത്. മറ്റന്നാൾ വൈകിട്ട് പ്രധാനമന്ത്രിയുടെ വസതിയിൽ നടക്കുന്ന ചടങ്ങിൽ ജനപ്രതിനിധികൾ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തും.

RNUTVPM

*******************************

## തീവ്ര വോട്ടർ പട്ടിക

എസ്ഐആർ സംബന്ധിച്ച എല്ലാ നടപടികളും വിജയകരമായി പൂർത്തിയാക്കിയ സംസ്ഥാനത്തെ ആദ്യ ജില്ല എന്ന നേട്ടം സ്വന്തമാക്കി ആലപ്പുഴ. പരിശോധന പൂർത്തിയാക്കിയപ്പോൾ അന്തിമ വോട്ടർ പട്ടികയിലേക്ക്

16 ലക്ഷത്തി 12,110 പേർ യോഗ്യത നേടി. മരണപ്പെട്ടതും താമസം മാറിയതും ഉൾപ്പെടെ 4,438 വോട്ടർമാർ അയോഗ്യരാക്കപ്പെട്ടു. സംസ്ഥാനത്ത് ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

*******************************

## <u>വെസ്റ്റ് ബംഗാൾ-എസ്ഐആർ</u>

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട എതിർപ്പുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഒരാഴ്ച കൂടി സുപ്രീംകോടതി നീട്ടി. ഈ മാസം 14 ആയിരുന്നു അവസാന തീയതി. തിരഞ്ഞെടുപ്പ് കമ്മീഷൻ വിന്യസിച്ചിരിക്കുന്ന മൈക്രോ-നിരീക്ഷകർക്ക് പകരം എസ്ഐആർ ചുമതലകൾക്കായി ഗ്രൂപ്പ് ബി ഓഫീസർമാരെ നിയമിക്കണമെന്നും കോടതി നിർദ്ദേശം നൽകി. അവകാശ വാദങ്ങളും എതിർപ്പുകളും സംബന്ധിച്ച അന്തിമ ഉത്തരവുകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് മാത്രമേ പാസാക്കാൻ കഴിയൂ എന്നും കോടതി വ്യക്തമാക്കി.

*******************************

## <u>കെ.എസ്.ആർ.ടി.സി-പുസ്തകക്കൂട്(ഇൻട്രോ)</u>

കെ.എസ്. ആർ. ടി. സി. ഡിപ്പോയിൽ ബസ് കാത്തിരിക്കുന്നവർക്കായി പുസ്തക കൂടൊരുങ്ങി. സംസ്ഥാനത്ത് ആദ്യമായി കണ്ണൂർ ഡിപ്പോയിൽ ആണ് ഈ സംവിധാനം ആരംഭിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.**

(വോയ്സ്)

RNU TVPM

*******************************

## <u>കേരളം-താപനില</u>

സംസ്ഥാനത്ത് പകൽ താപനില ഉയരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഇത് സംബന്ധിച്ച ജാഗ്രത നിർദേശങ്ങൾ പുറപ്പെടുവിച്ചു. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് കാരണമാകുമെന്നും മുന്നറിയിപ്പുണ്ട്. പകൽ 11 മുതൽ 3 മണി വരെയുള്ള സമയം ശരീരത്തിൽ നേരിട്ട് കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും അധികൃതർ അറിയിച്ചു.

*******************************

## ക്ഷാമബത്ത

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ക്ഷാമബത്ത വർധിപ്പിച്ച് സർക്കാർ ഉത്തരവായി. എയ്ഡഡ് സ്കൂളുകൾ, സ്വകാര്യ കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരുടേയും പെൻഷൻകാർ, കുടുംബ പെൻഷൻകാർ, എന്നിവരുടെ ക്ഷാമബത്തയും നിലവിലുള്ള 22% ൽ നിന്ന് 25% ആയി വർദ്ധിപ്പിച്ചുകൊണ്ടാണ് ഉത്തരവായത്. വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത ഈ മാസത്തെ ശമ്പളത്തോടൊപ്പം വിതരണം ചെയ്യും.

******************************

## ടി-20 ലോകകപ്പ്

ഐസിസി പുരുഷ ടി20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് സിയിൽ ഇറ്റലിയ്ക്കെതിരെ സ്കോട്ലൻഡിന് 73 റൺ ജയം. ഗ്രൂപ്പ് ബിയിൽ കൊളംബോയിൽ നടക്കുന്ന മത്സരത്തിൽ
ഒമാനെതിരെ സിംബാബ്‌വെയ്ക്ക് 104 റൺ വിജയലക്ഷ്യം. ഗ്രൂപ്പ് ഡിയിൽ വൈകുന്നേരം 7 മണിക്ക് അഹമ്മദാബാദിൽ നടക്കുന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക കാനഡയുമായി ഏറ്റുമുട്ടും.

RNU TVPM

******************************

## ലക്ഷദ്വീപ് - മെഡിക്കൽ ക്യാമ്പ്

ദേശീയ ആയുഷ് മിഷൻ ലക്ഷദ്വീപ് ഘടകവും കേരളാ സർക്കാറിൻ്റെ കിഴിലുള്ള I S M ഹോമിയോ വകുപ്പും സംയുക്തമായി കവരത്തി ദിൻ ദയാൽ ഉപാദ്യായായ ആയുഷ് ഹൊസ്പ്പിറ്റലിൽ മൂന്ന് ദിവസത്തെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ലക്ഷദ്വീപ് ആരോഗ്യ വകുപ്പ് സെക്രട്ടറി അവനേഷ് കുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 10 ദ്വിപുകളിൽ നിന്നായി നിരവധി പേർ ചികിത്സ തേടി എത്തി.

******************************

## രക്ഷാകവചം പദ്ധതി

വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്ക് അഷ്വറൻസ്

മാതൃകയിൽ സംസ്ഥാന സർക്കാർ രക്ഷാകവചം പദ്ധതി നടപ്പാക്കും. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

പദ്ധതിയിൽ അംഗമാകുന്ന സ്വകാര്യ മേഖലയിലെ തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ 5 ലക്ഷം രൂപ ആശ്രിതർക്ക് ലഭിക്കും. മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതോടൊപ്പം രക്ഷാകവചം പദ്ധതി പ്രകാരമുള്ള തുകയും നൽകും.

******************************

**************

*****

RNU TVPM